പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.408 | 09.02.2016-ൽ മറുപടിയ്ക്ക്

# എൽ.ഇ.ഡി. ബൾബുകൾ

ചോദ്യം
ശ്രീമതി.കെ.കെ.ലതിക

ഉത്തരം
ശ്രീ..ആര്യാടൻ മുഹമ്മദ്

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതിനായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്) എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഈ പദ്ധതി പ്രകാരം എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യും. കെ.എസ്.ഇ.ബി. ലിമിറ്റഡും കേന്ദ്ര സർക്കാരിന്റെ നാഷണൽ എൽ.ഇ.ഡി.മിഷൻ പദ്ധതിയുടെ പങ്കാളിയായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ) എന്ന കേന്ദ്ര സർക്കാർ സ്ഥാപനവും തമ്മിലുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ.ഇ.എസ്.എൽ. ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുള്ള ബജാജ്, വിപ്രോ, കോമ്പാക്ട് എന്നീ ഉൽപാദകരിൽ നിന്നാണ് ഈ പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നത്. ഒരു ബൾബിന് 95 രൂപ നിരക്കിലാണ് ബൾബുകൾ ഉപഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. നോൺ പേയിംഗ് വിഭാഗത്തിൽ പെട്ടവർക്കും, 1000 വാട്ട് വരെ കണക്ടഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നതുമായ വിഭാഗത്തിൽപ്പെട്ടവർക്കും 10 രൂപ നിരക്കിലാണ് ബൾബുകൾ നൽകാൻ ഉദ്ദേശിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ടവർ ഒഴികെ മറ്റു ഉപഭോക്താക്കൾക്ക് ആവശ്യമെങ്കിൽ ദ്വൈമാസ തവണകളായി പണമടയ്ക്കുവുന്നതാണ്. |

സെക്ഷൻ ഓഫീസർ